भारतीय गैर न्यायिक

एक सौ रुपये | Rs. 100

रु. 100 | ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

EB 183176

കൊല്ലം 2023 രണ്ടായിരത്തി ഇരുപത്തിമൂന്ന് ആഗസ്റ്റ് 1 ഒന്നാംതീയ്യതി കോഴിക്കോട് താലൂക്ക് കടലുണ്ടി വില്ലേജിൽ മണ്ണൂർ ദേശത്ത് താമസിക്കും ഹുസൈൻഹാജി എന്നവരുടെ മകൻ 46 വയസ്സ് എഞ്ചിനീയർ പറമ്പത്ത് മുബീർ ഒന്നാംപാർട്ടിയായും മേപ്പടി താലൂക്ക് കടലുണ്ടി അംശം പഴഞ്ചണ്ണൂർ ദേശത്ത് താമസിക്കും ചന്ദ്രൻ പുഴക്കൽ എന്നവരുടെ മകൻ 51 വയസ്സ് പി. ബൈജു ചന്ദ്രൻ ബിസിനസ്സ് (ഹണികോട്ടേജ്, പുഴക്കൽ വീട്, പ്രബോധിനി,കടലുണ്ടി പി.ഒ, ആധാർ നമ്പർ : 8880 7949 9468) രണ്ടാംപാർട്ടിയായും എഴുതിയ ലൈസൻസ് എഗ്രിമെന്റ്.

ഒന്നാംപാർട്ടി

Mubeer

രണ്ടാംപാർട്ടി

P. Byju chandran

17291 ... 2-8-2023

Amount(Rs.) ...100

Name ...

Cheruvannur Stamp Vendor

A.P.F. Mohammed

24 AUG 2023

भारतीय गैर न्यायिक

एक सौ रुपये

Rs. 100

ONE HUNDRED RUPEES

रु. 100

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA EB 183177

കോഴിക്കോട് താലൂക്ക് കടലുണ്ടി ഗ്രാമപഞ്ചായത്തിലെ മണ്ണൂർ അംശം ദേശത്ത് ടെറസ് ബിൽഡിങ്ങിലെ 10/256 ാം നമ്പർ പീടികമുറി നമ്മളിൽ ഒന്നാം പാർട്ടിക്ക് അവകാശപ്പെട്ടതും ഒന്നാംപാർട്ടി കൈവശവുമാകുന്നു. മേൽ വിവരിച്ച പീടികമുറി ഇന്നുമുതൽ 11 മാസത്തേക്ക് പീടികമുറി ബിസിനസ്സ് ചെയ്യേണ്ട ആവശ്യത്തിലേക്ക് ഉപയോഗിക്കുവാൻ അനുവദിക്കണമെന്ന് രണ്ടാംപാർട്ടി മദ്ധ്യസ്ഥന്മാർ മുഖേന ഒന്നാംപാർട്ടിയോട് ആവശ്യപ്പെട്ടതനുസരിച്ച് താഴെ പറയുന്ന നിശ്ചയങ്ങളും നിബന്ധനകളും അംഗീകരിച്ചും സമ്മതിച്ചും മേൽപറഞ്ഞകാലത്തേക്ക് മേൽവിവരിച്ച പീടികമുറി ലൈസൻസ് അടിസ്ഥാനത്തിൽ ഉപയോഗിക്കാനായി ഒന്നാംപാർട്ടി രണ്ടാംപാർട്ടിയെ ഇതിനാൽ അനുവദിച്ചിരിക്കുന്നു.

ഒന്നാംപാർട്ടി

രണ്ടാംപാർട്ടി

17292 : 25-8-2023

Amount(Rs.): 100

Cheruvannur Stamp Vendor

A.P.F. Mohammed

[illegible] AUG 2023

നിശ്ചയങ്ങളും നിബന്ധനകളും

1. ഒന്നാംപാർട്ടിയുടെ വക മേൽവിവരിച്ച പീടികമുറിയുടെ കൈവശം എപ്പോഴും ഒന്നാംപാർട്ടിയുടെ കൈവശം തന്നെയായിരിക്കുന്നതും രണ്ടാംപാർട്ടിക്ക് ബിസിനസ്സ് ചെയ്യാൻ ആയി മാത്രം അനുവദിച്ചിട്ടുള്ളതുമാകുന്നു. ആയതിനാൽ ഒന്നാംപാർട്ടിക്ക് പീടികമുറിയിൽ എപ്പോഴും പ്രവേശിച്ച് പരിശോധിക്കുവാൻ അധികാരമുള്ളതാണെന്നും ഇതിലന്യോന്യം നിശ്ചയിക്കുകയും സമ്മതിക്കുകയും ചെയ്തിരിക്കുന്നു.

2. ഇത് വെറുമൊരു സിംപിൾ ലൈസൻസ് അവകാശം മാത്രമാകുന്നു. ലീസോ പണയമോ മറ്റോ അല്ലാത്തതും അങ്ങിനെ ഇന്നുള്ള നിയമങ്ങളെ ഉദ്ദേശിച്ചോ മേലാൽ നടപ്പിലായേക്കുന്ന നിയമങ്ങളെ ഉദ്ദേശിച്ചോ വാദിക്കുവാൻ രണ്ടാംപാർട്ടിക്ക് അർഹതയില്ലാത്തതുമാകുന്നു. ഉദ്ദേശം ഈ ലക്ഷ്യത്തിൽ ഉള്ളതുമാകുന്നു.

3. മേൽപറഞ്ഞപ്രാകാരമുള്ള ലൈസൻസ് അനുവാദത്തിനു പ്രതിഫലമായി പതിനൊന്നു മാസക്കാലത്തേക്ക് കണക്കാക്കിയ 35,200 ക(മുപ്പത്തി അയ്യായിരത്തി ഇരുന്നൂറ് ഉറുപ്പിക)എല്ലാം ഇംഗ്ലീഷ് മാസവും 1 ാം തീയതിക്കുമുമ്പായി മാസാന്തം 3200 ക (മൂവായിരത്തി ഇരുന്നൂറ്ഉറുപ്പിക) രണ്ടാംപാർട്ടി ഒന്നാംപാർട്ടിക്ക് കൊടുത്ത് ബോദ്ധ്യപ്പെടുത്തേണ്ടതുമാകുന്നു. മൂന്ന് മാസഗഡുക്കൾ കുടിശ്ശിക വരുത്തിയാൽ ലൈസൻസ് റിവോക്ക് ചെയ്ത് രണ്ടാംപാർട്ടിയുടെ മേൽ വിവരിച്ച വഹകളിലേക്കുള്ള പ്രവേശനം നിറുത്തൽ ചെയ്യുവാൻ ഒന്നാംപാർട്ടിക്ക് അധികാരമുണ്ടായിരിക്കുന്നതുമാണ്. ലൈസൻസ്ഫീ ഗഡുക്കൾ വീഴ്ച വരുത്തിയാൽ മാസത്തിൽ 100 ന് 2 കവീതം പലിശയോടുകൂടി തരുവാൻ രണ്ടാംപാർട്ടി ബാദ്ധ്യസ്തനായിരിക്കുന്നതും ഒന്നാംപാർട്ടിക്ക് വസൂലാക്കുവാൻ അർഹതയുണ്ടായിരിക്കുന്നതുമാണ്.

4. ടി ലൈസൻസ് റിവോക്ക് ചെയതാലോ കാലാവധി എത്തിയാലോ ലൈസൻസിക്ക് കെട്ടിടത്തിൽ പ്രവേശിക്കാൻ പാടില്ലാത്തതും വല്ല സാധനങ്ങളും മുറിയിൽ ഉണ്ടെങ്കിൽ ആയത് അതിനുമുമ്പേ നീക്കം ചെയ്യേണ്ടതുമാണ്.

5. പീടികമുറി ഭേദഗതി ചെയ്യുന്നതിനോ മറ്റാർക്കെങ്കിലും അന്യാധീനപ്പെടുത്തുന്നതിനോ ,കീഴ്പണയത്തിനോ, വാടകക്കോ, ലൈസൻസിനോ മറ്റുതരത്തിലോ കൈമാറാനോ റിപ്പയർ ചെയ്യുന്നതിനോ രണ്ടാംപാർട്ടിക്ക് അവകാശമില്ലാത്തതും രണ്ടാംപാർട്ടിയുടെ ബിസിനസ് നടത്തുന്നതിനോടനുബന്ധിച്ചുള്ള സാധനങ്ങൾ സൂക്ഷിക്കുന്നതിനല്ലാതെ മദ്യം മുതലായ ലഹരി പദാർത്ഥങ്ങളോ, ക്ഷാരവസ്തുക്കളോ, ഗവർമെന്റ് നിരോധിത സാധനങ്ങളോ കളവുമുതലുകളോ സൂക്ഷിക്കുവാനോ വിൽപ്പന നടത്തുവാനോ പാടില്ലാത്തതുമാകുന്നു.

ഒന്നാംപാർട്ടി

രണ്ടാംപാർട്ടി

6. പീടികമുറിയിൽ ഉപയോഗിക്കുന്ന കറന്റ് ചാർജ്ജ്, ലൈസൻസ് ഫീയിൽ കമ്മി വരുത്താതെ രണ്ടാംപാർട്ടി തന്നെ അടക്കേണ്ടതും കറന്റ് ചാർജ്ജ് രശീതി ഒന്നാംപാർട്ടിക്ക് കൊടുത്ത് ബോധ്യപ്പെടുത്തേണ്ടതുമാകുന്നു.

7. ഈ ലൈസൻസ് എഗ്രിമെന്റിന്റെ ഉറപ്പിലേക്കായി 30,000 ക (മുപ്പതിനായിരം ഉറുപ്പിക) സെക്യൂരിറ്റി ഡെപ്പോസിറ്റായി രണ്ടാംപാർട്ടി ഒന്നാംപാർട്ടിക്ക് കൊടുക്കുകയും ആയത് ഒന്നാം പാർട്ടിക്ക് റൊക്കം കിട്ടി ബോദ്ധ്യപ്പെടുകയും ചെയ്തിരിക്കുന്നു. ഈ സംഖ്യ രണ്ടാംപാർട്ടിയുടെ ലൈസൻസ് ഉപയോഗം അവസാനിപ്പിച്ച് നിർത്തുന്ന ഘട്ടത്തിൽ ഈ എഗ്രിമെന്റ് പ്രകാരമുള്ള കണക്കുകളും എടപാടുകളും പരസ്പരം തീർത്ത് ബോദ്ധ്യപ്പെടുത്തിയശേഷം ബാക്കിയുണ്ടാകുന്ന സംഖ്യ ഒന്നാംപാർട്ടി രണ്ടാംപാർട്ടിക്ക് പലിശ കൂടാതെ തിരിച്ചു കൊടുക്കേണ്ടതുമാണ്. രണ്ടാംപാർട്ടിയുടെ ഉപയോഗം കൊണ്ട് പീടികമുറിയിൽ വല്ല നാശനഷ്ടങ്ങളോ കേടു പാടുകളോ സംഭവിക്കുന്ന പക്ഷം ആ വക നഷ്ടങ്ങൾക്ക് കൂടി സെക്യൂരിറ്റി സംഖ്യ ബാധ്യതപ്പെട്ടിരിക്കുന്നതാണ്. ഈ നിബന്ധനകൾ പാലിക്കുന്നതായാൽ മാത്രം നിശ്ചി തകാലം പീടികമുറി ഉപയോഗിക്കുവാൻ രണ്ടാംപാർട്ടിക്ക് അർഹത ഉണ്ടായിരിക്കു ന്നതാണ്.

8. രണ്ടാംപാർട്ടിക്ക് പീടികമുറി വീണ്ടും 11 മാസംകഴിഞ്ഞ് ഉപയോഗിക്കുവാൻ ആവശ്യമായി വരുമ്പോൾ കൊല്ലത്തിൽ 5% വർദ്ധനവോടുകൂടി മേൽപറഞ്ഞ നിശ്ച യങ്ങളും നിബന്ധനകളും അംഗീകരിച്ചാൽ മാത്രമേ രണ്ടാംപാർട്ടിക്ക് പീടികമുറി ഉപ യോഗിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

മേൽ നിശ്ചയങ്ങളും നിബന്ധനകളും അംഗീകരിച്ചും സമ്മതിച്ചും ഈ ലൈസൻസ് എഗ്രിമെന്റ് മേലെഴുതിയ തീയ്യതിക്ക് താഴെ പേരെഴുതി ഒപ്പിടുന്ന സാക്ഷികൾ മുഖേന ഒപ്പിട്ടു അസ്സൽ ഒന്നാംപാർട്ടിയും ഫോട്ടോസ്റ്റാറ്റ് രണ്ടാംപാർട്ടിയും സൂക്ഷിക്കുകയും ചെയ്തിരിക്കുന്നു.

ഒന്നാംപാർട്ടി

രണ്ടാംപാർട്ടി

P. Byju Chandran

സാക്ഷികൾ:

1. Sigma M

2. Shijoy P K